2026
AUGUST
17
MONDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വൻ വികസനത്തിന് ബി.എസ്.എൻ.എൽ

## 77,000 കോടിയുടെ പദ്ധതി

**മുംബൈ:** പൊതുമേഖലാ ടെലികോം കമ്പനിയായ ബി. എസ്.എൻ.എൽ. നെറ്റ്‌വർക്ക് ശേഷി വിപുലമാക്കുന്നതിന്റെ ഭാഗമായി അടുത്ത അഞ്ചുവർഷംകൊണ്ട് 77,000 കോടി രൂപയുടെ നിക്ഷേപത്തിനു പദ്ധതിയിടുന്നു. ഈ നിക്ഷേപം വഴി ബി.എസ്.എൻ.എലിന് രാജ്യത്തെ 98 ശതമാനം പ്രദേശങ്ങളിലും കവറേജ് ലഭ്യമാക്കാനാകും.

രണ്ടുലക്ഷം പുതിയ 4ജി സൈറ്റുകളൊരുക്കാനും തന്ത്രപ്രധാന മേഖലകളിൽ 5ജി സേവനം തുടങ്ങാനുമാണ് ഇതിലൂടെ ലക്ഷ്യംവെക്കുന്നത്. 202829 സാമ്പത്തിക വർഷത്തോടെ നഷ്ടമില്ലാതെ പ്രവർത്തിക്കാൻ കമ്പനിയെ പ്രാപ്തമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നുണ്ട്. 203132 ഓടെ നഷ്ടമില്ലാതെയാക്കാനാണ് നേരത്തേ ലക്ഷ്യമിട്ടിരുന്നതെങ്കിലും പുതിയ മൂലധന നിക്ഷേപത്തിലൂടെ ഇതു നേരത്തേയാക്കുന്നതിനാണ് പദ്ധതിയൊരുക്കുന്നത്. ടെലികോം വകുപ്പ് പാർലമെന്ററികാര്യ കമ്യൂണിക്കേഷൻ ഐ.ടി. സ്റ്റാൻഡിങ് കമ്മിറ്റിക്കു നൽകിയ റിപ്പോർട്ടിലാണ് ഇക്കാര്യം സൂചിപ്പിക്കുന്നത്.

അതേസമയം, ഉയർന്ന മൂലധനച്ചെലവ് കമ്പനിയുടെ നഷ്ടംകൂടാൻ കാരണമാകുന്നുണ്ട്. 202526 സാമ്പത്തിക വർഷം 4,738 കോടി രൂപയായിരുന്നു കമ്പനിയുടെ നഷ്ടം. അതിനു തൊട്ടുമുൻവർഷം 2,247 കോടിയായിരുന്നു ഇത്. നടപ്പുസാമ്പത്തിക വർഷം നഷ്ടം 5,000 കോടി കടക്കുമെന്നാണ് കണക്കാക്കുന്നത്. പ്രവർത്തന വരുമാനം ഉയരുന്നുണ്ടെങ്കിലും ഉയർന്ന മൂലധനച്ചെലവാണ് നഷ്ടമുയർത്തുന്നത്. പ്രവർത്തനവരുമാനം നേരത്തേ ടെ




ലികോം വകുപ്പുനൽകിയ ലക്ഷ്യത്തിലേക്ക് എത്തിയിട്ടുമില്ല. 28,476 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് പ്രവർത്തന വരുമാനം 21,199 കോടി രൂപ മാത്രമാണ്. ഇക്കാര്യവും സമിതി പരിശോധിക്കുന്നുണ്ട്.

നിലവിലുള്ള പുനരുദ്ധാരണ പാക്കേജിനു പുറത്താണ് 77,000 കോടി രൂപയുടെ മൂലധനനിക്ഷേപത്തിന് പദ്ധതിയിടുന്നത്. 2019നു ശേഷം ബി.എസ്.എൻ.എലിന്റെ നവീകരണത്തിനും പുനരുജ്ജീവന പ്രവർത്തനങ്ങൾക്കുമായി 3.2 ലക്ഷം കോടി രൂപയ്ക്കടുത്ത് വിവിധ രൂപത്തിലായി സർക്കാർ ചെലവിട്ടിട്ടുണ്ടെന്നാണ് കണക്ക്. വി. ആർ.എസ്. പദ്ധതി, 4ജി, 5ജി സ്പെക്ട്രം കുടിശ്ശിക, ലയനപ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള ആവശ്യങ്ങൾക്കുൾപ്പെടെയാണ് ഈ തുക ചെലവിട്ടത്. നിലവിൽ രാജ്യത്തെ നാലാമത്തെ വലിയ ടെലികോം കമ്പനിയാണ് ബി.എസ്.എൻ.എൽ. ഇതുവരെ നടപ്പാക്കിയ പദ്ധതികളുടെ പിൻബലത്തിൽ ബി.എസ്.എൻ.എൽ. തിരിച്ചുവരവിന്റെ പാതയിലാണെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടുന്നു. ബി.എസ്.എൻ.എലിന് 2026 ജൂണിലെ കണക്കനുസരിച്ച് 2.29 കോടി വയർലെസ് ഉപഭോക്താക്കളാണുള്ളത്. 7.3 ശതമാനം മാത്രമാണ് വിപണി വിഹിതം. റിലയൻസ് ജിയോ, ഭാരതി എയർടെൽ എന്നിവയ്ക്ക് ആകെ 77 ശതമാനം വിപണി വിഹിതമുണ്ട്. വോഡഫോൺ ഐഡിയക്കിത് 15 ശതമാനമാണ്

## മുത്തൂറ്റ് എം ക്രെഡിന്റെ അറ്റാദായത്തിൽ 232.73 ശതമാനം വർദ്ധനവ്

**കൊച്ചി:** രാജ്യത്തെ പ്രമുഖ സ്വർണ്ണപ്പണയ ബാങ്കിതര ധനകാര്യ സ്ഥാപനങ്ങളിലൊന്നായ മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് (മുമ്പ് മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ലിമിറ്റഡ്) 2026 ജൂൺ 30ന് അവസാനിച്ച സാമ്പത്തിക വർഷത്തിന്റെ ആദ്യ പാദത്തിൽ മികച്ച സാമ്പത്തിക വളർച്ച കൈവരിച്ചു.കമ്പനിയുടെ അറ്റാദായം വാർഷികാടിസ്ഥാനത്തിൽ 232.73 ശതമാനം വർദ്ധിച്ച് ആദ്യപാദത്തിൽതന്നെ 100.29 കോടി രൂപയായി ഉയർന്നു. ആകെ കൈകാര്യം ചെയ്യുന്ന ആസ്തി വാർഷികാടിസ്ഥാനത്തിൽ 58.53 ശതമാനം വളർച്ചയോടെ 7,098.38 കോടി രൂപയിലെത്തി. നടപ്പു സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ കമ്പനിയുടെ ആകെ വരുമാനം 76.38 ശതമാനം വർദ്ധിച്ച് 399.64 കോടി രൂപയായി രേഖപ്പെടുത്തി.2026 ജൂൺ 30ലെ കണക്കനുസരിച്ച് ആകെ നിഷ്ക്രിയ ആസ്തി 0.59 ശതമായും, അറ്റ നിഷ്ക്രിയ ആസ്തി 0.24 ശതമായും നിലനിർത്താൻ കമ്പനിക്ക് സാധിച്ചു.

# മോട്ടോറോള മോട്ടോ ജി മാക്സ് അവതരിപ്പിച്ചു

**ന്യൂഡൽഹി:** മോട്ടോറോള പുതിയ മോട്ടോ ജി മാക്സ് സ്മാർട്ട്ഫോൺ ഇന്ത്യയിൽ അവതരിപ്പിച്ചു. ആഡംബര സാറ്റിൻ ഫിനിഷ്, പാന്റോൺ തിരഞ്ഞെടുത്ത നിറങ്ങൾ, 50 മെഗാപിക്സൽ സോണി ലിറ്റിയ 600 പ്രധാന ക്യാമറ, സ്നാപ്ഡ്രാഗൺ 6എസ് ജെൻ 4 പ്രോസസർ, 6.72 ഇഞ്ച് 120 ഹേർട്സ് 1050 നിറ്റ് വരെ ഉയർന്ന തെളിച്ചവുമുള്ള ഫുൾ എച്ച്ഡി പ്ലസ് ഡിസ്പ്ലേയിൽ, നനഞ്ഞ വിരലുകൾ ഉപയോഗിച്ചും പ്രവർത്തിക്കുന്ന വാട്ടർ ടച്ച് സൗകര്യവുമുണ്ട്.

50 മെഗാപിക്സൽ പ്രധാന ക്യാമറയ്ക്കൊപ്പം 8 മെഗാപിക്സൽ അൾട്രാവൈഡ് ക്യാമറയും 32 മെഗാപിക്സൽ മുൻ ക്യാമറയുമുണ്ട്. കുറഞ്ഞ വെളിച്ചത്തിലും മികച്ച ചിത്രങ്ങൾ പകർത്താൻ ക്വാഡ് പിക്സൽ സാങ്കേതിക വിദ്യ, ഓട്ടോ നൈറ്റ് വിഷൻ, നൈറ്റ് വിഷൻ, കൃത്രിമബുദ്ധി അധിഷ്ഠിത ചിത്രസംസ്കരണ സംവിധാനങ്ങൾ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഗൂഗിൾ ഫോട്ടോസിലെ മാജിക് ഇറേസർ, ഫോട്ടോ അൺബ്ലർ, റീഇമാജിൻ തുടങ്ങിയ ചിത്രസംസ്കരണ സൗകര്യങ്ങളും ലഭ്യമാണ്.

6 ജിബി എൽപിഡിഡിആർ5എക്സ് റാമും 128 ജിബി യുഎഫ്എസ് 3.1 സംഭരണശേഷിയുമുണ്ട്. റാം ബൂസ്റ്റ് വഴി റാം 18 ജിബി വരെ വർധിപ്പിക്കാനാകും. 7000 എംഎഎച്ച് ബാറ്ററി ഒറ്റ ചാർജിൽ 63 മണിക്കൂർ വരെ ഉപയോഗവും സാധാരണ ഉപയോഗത്തിൽ മൂന്ന് ദിവസം വരെ ബാറ്ററി ദൈർഘ്യവും നൽകുമെന്ന് കമ്പനി അവകാശപ്പെടുന്നു. 33 വാട്ട് ടർബോ പവർ ചാർജറും ബാറ്ററി കെയർ സംവിധാനവും ലഭ്യമാണ്.

കോർണിങ് ഗൊറില്ല ഗ്ലാസ് 7ഐ സംരക്ഷണം, സൈനിക നിലവാരത്തിലുള്ള എംഐഎൽഎസ്ടിഡി810എച്ച് സർട്ടിഫിക്കേഷൻ, ഐപി64 ജലപ്രതിരോധം എന്നിവയും ഫോണിലുണ്ട്. ആൻഡ്രോയ്ഡ് 16ലാണ് ഫോൺ പ്രവർത്തിക്കുന്നത്. ഗൂഗിൾ ജെമിനി, മോട്ടോ സെക്യൂർ, തിങ്ക്ഷീൽഡ് ഫോർ മൊബൈൽ, വശത്തുള്ള വിരലടയാള തിരിച്ചറിയൽ, മുഖം തിരിച്ചറിയൽ തുടങ്ങിയ സൗകര്യങ്ങളുണ്ട്. രണ്ട് ആൻഡ്രോയ്ഡ് ഓപ്പറേറ്റിങ് സിസ്റ്റം നവീകരണങ്ങളും മൂന്ന് വർഷത്തെ സുരക്ഷാ നവീകരണങ്ങളും കമ്പനി വാഗ്ദാനം ചെയ്യുന്നു.6 ജിബി റാം, 128 ജിബി സംഭരണശേഷിയുള്ള മോഡലിന് 27,999 രൂപയാണ് വില. 1,000 രൂപയുടെ തൽക്ഷണ ബാങ്ക് ഇളവ് ഉൾപ്പെടെ ഫലപ്രദമായ വില 26,999 രൂപയാണ്. പാന്റോൺ സ്റ്റാർഗേസർ, പാന്റോൺ അലാസ്കൻ ബ്ലൂ, പാന്റോൺ മലാഗ എന്നീ നിറങ്ങളിൽ ഫോൺ ലഭ്യമാകും.

*This is an advertisement for information purpose and is not a prospectus announcement.*

ICL FINCORP LIMITED

SECURED, REDEEMABLE NON-CONVERTIBLE DEBENTURES NCD

CREDIT RATING CRISIL BBB-/ STABLE

ICL Join ICL, Grow with us

ICL Fincorp

UP TO DOUBLE RETURNS IN 72 MONTHS*

*Based on an Effective yield of 12.25% On Cumulative Basis Under Option X, 72 Months, Tds As Applicable.

ISSUE OPENS ON: AUGUST 10, 2026 (MONDAY) ISSUE CLOSES ON: AUGUST 21, 2026 (FRIDAY)*

**The Issue shall remain open for subscription on Working Days from 10:00 a.m. to 5:00 p.m. (Indian Standard Time), during the period indicated above, except that the Issue may close on such earlier date or extended date as may be decided by the Board of directors or Finance and Management Committee of our Company, subject to relevant approvals (subject to a minimum period of two working days and a maximum period of 10 working days from the date of opening of this Issue). In the event of an early closure or extension of the Issue, our Company shall ensure that notice of such early closure or extension is given to the prospective investors through an advertisement in a national daily newspaper and a regional daily newspaper in Tamil Nadu where the registered office is located, with wide circulation on or before such earlier date or extended date of closure. Application Forms for the Issue will be accepted only from 10:00 a.m. to 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange, on Working Days during the Issue Period. On the Issue Closing Date, Application Forms will be accepted only between 10:00 a.m. to 3:00 p.m. and uploaded until 5:00 p.m. (Indian Standard Time) or such extended time as may be permitted by the Stock Exchange.*

Issue Structure: (For detailed Issue Structure refer Prospectus dated July 28, 2026)

| | |
|---|---|
| Face value : ₹ 1,000 each | Minimum application size : ₹ 10,000 (10 NCDs) & in multiples of 1 NCD thereafter |
| Tenure (months) : 13, 24, 36, 60 and 72 | |
| Schemes : 10 schemes with 10 ISINs | Payout options : Monthly, Annually & Cumulative |

*T&C Apply

THE ISSUE

PUBLIC ISSUE BY OUR COMPANY OF 10,00,000 SECURED, REDEEMABLE, NON-CONVERTIBLE DEBENTURES OF FACE VALUE OF ₹1,000 EACH, ("NCDS") AT PAR, FOR AN AMOUNT UP TO ₹5,00,000 THOUSAND ("BASE ISSUE SIZE") WITH AN OPTION TO RETAIN OVERSUBSCRIPTION OF UP TO ₹5,00,000 THOUSAND, AGGREGATING UP TO ₹10,00,000 THOUSAND, (HEREINAFTER REFERRED TO AS THE "ISSUE SIZE"). THE ISSUE IS BEING MADE PURSUANT TO THE PROVISIONS OF SECURITIES AND EXCHANGE BOARD OF INDIA (ISSUE AND LISTING OF NON-CONVERTIBLE SECURITIES) REGULATIONS, 2021, AS AMENDED, THE COMPANIES ACT, 2013 AND RULES MADE THEREUNDER TO THE EXTENT NOTIFIED AND THE SEBI MASTER CIRCULAR AS AMENDED FROM TIME TO TIME. THE ISSUE IS NOT PROPOSED TO BE UNDERWRITTEN.

| COUPON RATE: (MONTHLY OPTIONS) | OPTION IV | OPTION III | OPTION II | OPTION I |
|---|---|---|---|---|
| | 11.50%* PER ANNUM 60 MONTHS | 11.00%* PER ANNUM 36 MONTHS | 10.50%* PER ANNUM 24 MONTHS | 10.00%* PER ANNUM 13 MONTHS |

**Indicating coupon rates for monthly options only. Refer Prospectus dated July 28, 2026 to view effective yield for monthly, annually and cumulative options.*

To Know More: Visit Nearest ICL Fincorp Branch | To Download Application: Visit www.iclfincorp.com
For Enquiries: Call +91 85890 20137, +91 85890 20186

Capitalised terms not defined herein shall have the same meaning as assigned to such terms in the prospectus dated July 28, 2026 ("Prospectus").
**DISCLAIMER OF THE ISSUER:** ICL Fincorp Limited ("Company"), subject to market conditions, and other considerations, is proposing a public issue of secured redeemable non-convertible debentures ("NCDs") and has filed a prospectus dated July 28, 2026 ("Prospectus") with the Registrar of Companies, Tamil Nadu at Chennai ("RoC"), BSE Limited ("BSE") and Securities and Exchange Board of India ("SEBI"). The Prospectus is available on the website of the Company at www.iclfincorp.com, on the website of BSE at www.bseindia.com, on the website of the lead manager at www.vivro.net and on the website of SEBI at www.sebi.gov.in. Investors proposing to participate in the Issue should invest only on the basis of the information contained in the Prospectus. Investors should note that investment in the NCDs involves a high degree of risk and for details in relation to the same, refer to the Prospectus, including the section titled "Risk Factors" and "Material Developments" beginning on page 17 and 153 respectively of the Prospectus.
**LISTING:** The NCDs offered through the Prospectus are proposed to be listed on BSE Limited ("BSE" or the "Stock Exchange") and BSE shall be the Designated Stock Exchange. Our Company has received an 'in-principle' approval from BSE vide their letter no. DCS/RM/PI-BOND/07/26-27 dated July 28, 2026
**GENERAL RISK:** Investment in non-convertible securities is risky, and investors should not invest any funds in such securities unless they can afford to take the risk attached to such investments. Investors are advised to take an informed decision and to read the risk factors carefully before investing in this offering. For taking an investment decision, the Investors must rely on their own examination of the Issuer and the Issue including the risks involved. Specific attention of the Investors is invited to the chapter titled "Risk Factors" on Page 17 of the Prospectus and "Material Developments" on page 153 of the Prospectus, before making an investment in this Issue. These risks are not, and are not intended to be, a complete list of all risks and considerations relevant to the non-convertible securities or investor's decision to purchase such securities. The Prospectus has not been and will not be approved by any regulatory authority in India, including the Securities and Exchange Board of India ("SEBI"), the Reserve Bank of India ("RBI"), any registrar of companies or any stock exchange in India nor do they guarantee the accuracy or adequacy of the Prospectus.
**DISCLAIMER CLAUSE OF BSE:** It is to be distinctly understood that the permission given by BSE Limited should not in any way be deemed or construed that the Offer Document has been cleared or approved by BSE Limited nor does it certify the correctness or completeness of any of the contents of the Prospectus. The investors are advised to refer to the Draft Offer Document/Offer Document for the full text of the Disclaimer clause of the BSE Limited.
[illegible]
**NAMES OF THE SIGNATORIES AT THE TIME OF SIGNING OF THE MEMORANDUM OF ASSOCIATION COMPANY AND THE NUMBER OF SHARES SUBSCRIBED FOR BY THEM AT THE TIME OF SIGNING THE MEMORANDUM OF ASSOCIATION:** Given are the names of the signatories of the Memorandum of Association of the Company and the number of equity shares subscribed of face value of ₹10/- each by them at the time of signing of Memorandum of Association: J. Amarchand Kothari (10 equity shares allotted), A Badal Kanwar (10 equity shares allotted), K. Ashok Bohra (10 equity shares allotted), Subash Chand Jain (10 equity shares allotted), Mahaveer Chand Kothari (10 equity shares allotted), K. Ashok Kumar Jain (10 equity shares allotted) and Narendra Kumar Jain (10 equity shares allotted) at the time of incorporation of the Company aggregating to 70 Equity Shares of face value of ₹10/- each.
**DISCLAIMER CLAUSE OF CRISIL:** Crisil Ratings Limited (Crisil Ratings) has taken due care and caution in preparing the material based on the information provided by its client and / or obtained by Crisil Ratings from sources which it considers reliable (Information). A rating by Crisil Ratings reflects its current opinion on the likelihood of timely payment of the obligations under the rated instrument and does not constitute an audit of the rated entity by Crisil Ratings. Crisil Ratings does not guarantee the completeness or accuracy of the information on which the rating is based. A rating by Crisil Ratings is not a recommendation to buy, sell, or hold the rated instrument; it does not comment on the market price or suitability for a particular investor. The rating is not a recommendation to invest / disinvest in any entity covered in the material and no part of the material should be construed as an Expert advice or investment advice or any form of investment banking within the meaning of any law or regulation. Crisil Ratings especially states that it has no liability whatsoever to the subscribers / users / transmitters/ distributors of the material. Without limiting the generality of the foregoing, nothing in the material is to be construed as Crisil Ratings providing or intending to provide any services in jurisdictions where Crisil Ratings does not have the necessary permission and/or registration to carry out its business activities in this regard. ICL Fincorp limited will be responsible for ensuring compliances and consequences of non-compliances for use of the material or part there of outside India. Current rating status and Crisil Ratings' rating criteria are available without charge to the public on the website, www.crisilratings.com. For the latest rating information on any instrument of any company rated by Crisil Ratings, please contact customer service helpdesk at 1800-2673850.
**DISCLAIMER CLAUSE OF RBI:** The company is having a valid certificate of registration dated June 9, 2016 under section 45 IA of the Reserve Bank of India Act, 1934. A copy of the Prospectus has not been filed with or submitted to the Reserve Bank of India ("RBI"). It is distinctly understood that the Prospectus should not in anyway be deemed or construed to be approved or vetted by RBI. RBI does not accept any responsibility or guarantee about the present position as to the financial soundness of the issuer or for the correctness of any of the statements or representations made or opinions expressed by the issuer and for discharge of liability by the issuer. RBI neither accepts any responsibility nor guarantee for the payment of any amount due to any investor in respect of the proposed NCDs.

*(please scan this QR code to view the Prospectus)*

**Reg. Office:** Plot No. C308, Door No. 66/40, 4th Avenue, Ashok Nagar, Chennai– 600 083, Tamil Nadu, India.
**Corp. Office:** ICL Fincorp Limited, Main Road, Irinjalakuda, Thrissur–680121, Kerala, India.
Branches: Kerala | Tamil Nadu | Andhra Pradesh | Telangana | Karnataka | Maharashtra | Odisha | Gujarat | West Bengal | Goa | Delhi | Rajasthan | Bihar iclfincorp

സൊസൈറ്റി ടുഡേ
SOCIETY TODAY

## എം.ജി സർവകലാശാല

# സൗജന്യ തൊഴിൽ മേള സംഘടിപ്പിച്ചു

മഹാത്മാഗാന്ധി സർവകലാശാലയിൽ ഓഗസ്റ്റ് 14ന് സംഘടിപ്പിച്ച സൗജന്യ തൊഴിൽ മേളയിൽ 15 ഉദ്യോഗാർത്ഥികൾക്ക് താത്കാലിക സെലക്ഷൻ ലഭിച്ചു. 34 പേർ അടുത്ത ഘട്ടത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന, കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിലാണ് തൊഴിൽ മേള സംഘടിപ്പിച്ചത്.

നഅഞ്ച് ഉദ്യോഗദായകർ പങ്കെടുത്ത തൊഴിൽമേളയിൽ 283 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിരുന്നു. ബ്യൂറോ ചീഫ്. ഡോ. രാജേഷ് മണി, ഡെപ്യൂട്ടി ചീഫ് എൻ. ബിജു, എ. ബിജുകുമാർ, കെ. എ. റിയാസ് എന്നിവർ തൊഴിൽമേളയ്ക്ക് നേതൃത്വം നൽകി.

## സ്പോട്ട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജിയിൽ എം.എസ്.സി. ബോട്ടണി ആൻഡ് പ്ലാൻറ് സയൻസ് ടെക്നോളജി കോഴ്സിലെ ഒഴിവുള്ള സീറ്റുകളിലേക്ക് (എസ്.സി 1, ഓപ്പൺ 1) ഓഗസ്റ്റ് 18, 19 തീയതികളിൽ സ്പോട്ട് അഡ്മിഷൻ നടത്തുന്നു.

ബോട്ടണിയിലോ ബോട്ടണിബയോടെക്നോളജിയിലോ (ഡബിൾ മെയിൻ) ഉള്ള ബിരുദമാണ് യോഗ്യത. വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൺവെർജൻസ് അക്കാഡെമിയ കോംപ്ലക്സിലെ റൂം നം: 505ൽ നേരിട്ട് എത്തിച്ചേരേണ്ടതാണ്. ഫോൺ8547537541, 9497664697.

## പാശ്ചാത്യ സംഗീത കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവകലാശാലയും തിരുനക്കര ബീഥോവൻസ് അക്കാദമി ഓഫ് മ്യൂസിക് ആൻഡ് ആർട്സും സംയുക്തമായി നടത്തുന്ന പാശ്ചാത്യ സംഗീതം സർട്ടിഫിക്കറ്റ്, ഡിപ്ലോമ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിക്കുന്നു.

കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർവകലാശാല അംഗീകരിച്ച സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്.

കൂടുതൽ വിവരങ്ങൾക്കും അഡ്മിഷനുമായി ഡയറക്ടർ, ബീഥോവൻസ് അക്കാദമി ഓഫ് മ്യൂസിക് ആൻഡ് ആർട്സ്, ചിൽഡ്രൻസ് ലൈബ്രറി, തിരുനക്കര ടെമ്പിൾ റോഡ്, കോട്ടയം1 എന്ന വിലാസത്തിലോ 7034563004, 8606556122 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടുക.




# ശബരിമല തീർഥാടനം: ഭക്തർക്ക് മികച്ച സൗകര്യങ്ങൾ ഉറപ്പാക്കും

**ശബരിമല:** ശബരിമല തീർഥാടനത്തിന് മുന്നോടിയായുള്ള ഒരുക്കങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ദേവസ്വം മന്ത്രി കെ മുരളീധരന്റെ അധ്യക്ഷതയിൽ തൈക്കാട് സർക്കാർ അതിഥി മന്ദിരത്തിൽ ചേർന്ന അവലോകന യോഗത്തിൽ തീരുമാനമായി. കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ തീർഥാടകർ ഇത്തവണ എത്താൻ സാധ്യതയുള്ളതിനാൽ വിപുലമായ ക്രമീകരണങ്ങളാണ് ഒരുക്കുന്നത്. ഓണത്തിന് ശേഷം മുഖ്യമന്ത്രി വി ഡി സതീശൻ പമ്പയിലെത്തി പ്രത്യേക അവലോകന യോഗം ചേരുമെന്ന് മന്ത്രി അറിയിച്ചു.

അപ്പം, അരവണ എന്നിവയുടെ മതിയായ സ്റ്റോക്ക് ഉറപ്പാക്കും. അരവണ നിർമാണത്തിന് രണ്ട് മെഷീനുകൾ സജ്ജമാക്കും. പ്രസാദ വിതരണത്തിൽ തടസ്സമുണ്ടാകാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കും. തീർഥാടകർക്ക് ഗുണമേന്മയുള്ള ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കർശന പരിശോധനയും നടത്തും.

മഴക്കാലത്ത് തകർന്ന ഇടറോഡുകൾ ഉൾപ്പെടെ ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കി യാത്രായോഗ്യമാക്കും. ദേവസ്വത്തിന്റെ കീഴിലുള്ള ചാലക്കയം - പമ്പ റോഡിന്റെ അറ്റകുറ്റപ്പണി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് പൂർത്തിയാക്കും. കെഎസ്ആർടിസി കൂടുതൽ ബസ് സർവീസുകൾ ഒരുക്കും.

പമ്പ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങൾ ഊർജിതമാക്കും. പമ്പ നദി ശുചീകരിക്കുന്നതിനൊപ്പം പമ്പയിലെ ശൗചാലയങ്ങൾ, തുണി വാരൽ തുടങ്ങിയ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കും. സന്നിധാനത്ത് ഉപയോഗശൂന്യമായി കിടക്കുന്ന പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നതിനും ഹോട്ടലുകളിലും സ്ഥാപനങ്ങളിലും മാലിന്യം ഉറവിടത്തിൽ തന്നെ വേർതിരിക്കുന്നതിനും നടപടിയെടുക്കും. ശുചിത്വ മിഷന്റെ സഹകരണത്തോടെ ത്രീ ബിൻ സംവിധാനം കർശനമായി നടപ്പാക്കും.

ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കാൻ ജലവിഭവ വകുപ്പ് നടപടി സ്വീകരിക്കും. കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചഅആഘ അംഗീകൃത ലാബ് സജ്ജീകരിക്കും. ആശുപത്രി, ആംബുലൻസ് സൗകര്യങ്ങൾ കൂടുതൽ ശക്തിപ്പെടുത്തും. തീർത്ഥാടന ഡ്യൂട്ടിക്കായി നിയോഗിക്കുന്ന പോലീസുകാർക്ക് ആവശ്യമായ പെരുമാറ്റ പരിശീലനം ഉറപ്പാക്കാനും യോഗത്തിൽ നിർദേശം നൽകി.

സുരക്ഷാ സംവിധാനങ്ങളുടെ ഭാഗമായി ഫയർ ആൻഡ് റെസ്ക്യൂ വകുപ്പിന്റെ പ്രത്യേക സ്കൂബ ടീമിനെ സജ്ജമാക്കും. ഭക്തരുടെ സുരക്ഷ മുൻനിർത്തി വിവിധ വകുപ്പുകളുടെ ഏകോപനം ശക്തമാക്കും. ദേവസ്വം ബോർഡ് നേരിട്ട് നടത്തുന്ന ഇടത്താവളങ്ങളിൽ പന്തൽ, വിശ്രമകേന്ദ്രം, അന്നദാനം, ശൗചാലയം, പാർക്കിങ് തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കും. വിവിധ സർക്കാർ വകുപ്പുകളുടെ കൈവശമുള്ള മുറികൾ തിട്ടപ്പെടുത്തി കുറഞ്ഞത് 500 മുറികൾ ലഭ്യമാക്കാനും റൂം അലോട്ട്മെന്റ് പൂർണമായും ഓൺലൈനാക്കാനും തീരുമാനിച്ചിട്ടുണ്ട്.

തിരക്ക് നിയന്ത്രിക്കുന്നതിനായി പുതിയ ക്രൗഡ് മാനേജ്മെന്റ് സംവിധാനം നടപ്പാക്കും. എ.ഐ സാങ്കേതികവിദ്യയും ക്യാമറകളും ഉപയോഗിച്ച് തിരക്ക് നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി പോലീസുമായി സഹകരിച്ച് പൈലറ്റ് അടിസ്ഥാനത്തിൽ മേജർ കൺട്രോൾ റൂം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. തീർഥാടകർക്ക് മണിക്കൂറുകളോളം ക്യൂവിൽ നിൽക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനൊപ്പം എല്ലാ വകുപ്പുകളുടെയും ഏകോപനത്തോടെ സുഗമവും സുരക്ഷിതവുമായ ശബരിമല തീർഥാടനം ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി വ്യക്തമാക്കി.

എം പി കൊടിക്കുന്നിൽ സുരേഷ്, എംഎൽഎമാരായ പഴകുളം മധു, കെ യു ജെനിഷ് കുമാർ, സി വി ശാന്തകുമാർ, ദേവസ്വം സെക്രട്ടറി എം ജി രാജമാണിക്യം, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ വിവിധ വകുപ്പ് മേധാവികൾ, ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# നൂതനാശയങ്ങൾ വിദ്യാഭ്യാസത്തിൽ മാറ്റങ്ങൾ വരുത്തും : മന്ത്രി കെ.മുരളീധരൻ

**തിരുവനന്തപുരം:** കാലത്തിനനുസരിച്ച് വിദ്യാഭ്യാസത്തിലും മാറ്റങ്ങൾ വരുത്തണമെന്നും നവീനമായ പദ്ധതികളാണ് ഇന്നത്തെ തലമുറയെ പുരോഗതിയിലേക്ക് നയിക്കുന്നതെന്നും ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ.മുരളീധരൻ. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ നടന്ന ജില്ലാതല പ്രോജക്ട് എക്സ്പോ 'ഇന്നോടെക് 2026' ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.


ഇന്ന് എല്ലാ മേഖലകളിലും ആധുനിക സൗകര്യങ്ങൾ ലഭ്യമാണ്. പുതിയ ആശയങ്ങൾ ഉൾപെടുത്തിയുള്ള വിദ്യാഭ്യാസത്തിലൂടെ, നമ്മുടെ കുട്ടികളെ കരുത്തരാക്കി മാറ്റുകയാണ് വേണ്ടതെന്നും മന്ത്രി പറഞ്ഞു. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ പ്രിന്റിംഗ് ടെക്നോളജി കോഴ്സ് ഉൾപെടുത്തുന്നത് പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു.

വിവിധ കോളേജുകളുടെ 37 പുതിയ പ്രൊജക്ടുകളാണ് എക്സ്പോയിൽ അവതരിപ്പിച്ചത്. വ്യാവസായിക രംഗത്തെ പ്രമുഖരുമായി സംസാരിക്കാനുള്ള അവസരവും മികച്ച പ്രൊജക്ടുകൾക്ക് സമ്മാനവും നൽകി. മികച്ച ഇന്നോവേറ്റീവ് പ്രൊജക്ടിനുള്ള സമ്മാനം ബാർട്ടൻഹിൽ ഗവ.എഞ്ചിനീയറിംഗ് കോളേജും മികച്ച സ്റ്റാർട്ടപ്പ് പൊട്ടൻഷ്യൽ പ്രൊജക്ടിനുള്ള സമ്മാനം പാലാ ഗവ.പോളിടെക്നിക്ക് കോളേജും നേടി. മികച്ച സോഷ്യൽ ഇംപാക്ട് പ്രൊജക്ടും മികച്ച സസ്റ്റൈനബിൽ ടെക്നോളജി പ്രൊജക്ടും അവതരിപ്പിച്ച് കൊട്ടിയം ശ്രീനാരായണ പോളിടെക്നിക് കോളേജ് എക്സ്പോയിലെ താരങ്ങളായി.

ാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. ജയപ്രകാശ് പി, കേരള സ്പേസ് പാർക്ക് സി.ഇ.ഒ. ജി.ലെവിൻ, സ്കിൽ ഹാരാ ചെയർമാൻ ഡി. സുരേഷ് കുമാർ, ഡെപ്യൂട്ടി ഡയറക്ടർ മഞ്ജുഷ ടി.ടി തുടങ്ങിയവർ പങ്കെടുത്തു.



# കടലിനടിയിൽ കോറൽ വർണ്ണ വിസ്മയം



**കൊച്ചി:** കടലിനടിയിൽ വർണ വിസ്മയം തീർത്ത് ലക്ഷദ്വീപിലെ മിനിക്കോയ് ദ്വീപിൽ പവിഴജീവികളുടെ (കോറൽ) സംഗമം.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) സമുദ്രസസ്തനി സർവേയ്ക്കിടയിലാണ് കടലിനടിയിലെ ദൃശ്യം ശദ്ധയിൽപെട്ടത്.

ചിത്രകാരന്റെ കൈവിരുതിനെ വെല്ലുന്ന രീതിയിൽ ഓറഞ്ച്, വെള്ള, പച്ച നിറങ്ങളിൽ രണ്ട് തരം കോറലുകൾ ചേർന്ന് നിൽക്കുന്ന ദൃശ്യം സിഎംഎഫ്ആർഐയിൽ റിസർച്ച് സ്കോളറായ ആൽവിൻ ആന്റോയാണ് ക്യാമറയിൽ പകർത്തിയത്.

ദൃശ്യഭംഗിയുള്ളതാണെങ്കിലും കാലാവസ്ഥാ വ്യതിയാനം സമുദ്ര ആവാസവ്യവസ്ഥയിലുണ്ടാക്കുന്ന ആഘാതത്തിന്റെ നേർചിത്രമാണിതെന്നാണ് സിഎംഎഫ്ആർഐ ഗവേഷകർ പറയുന്നത്.

ലോബോഫില്ലിയ കൊറിംബോസ', 'ലോബോഫില്ലിയ റേഡിയൻസ്' എന്നീ ഇനത്തിൽപ്പെട്ട പവിഴജീവികളുടെ കൂട്ടമാണ് ഒരുമിച്ച് വളർന്ന് ഈ മൂവർണ്ണ ഭംഗി തീർത്തിരിക്കുന്നത്. ഓറഞ്ച് നിറത്തിൽ കാണപ്പെടുന്നത് ലോബോഫില്ലിയ കൊറിംബോസ എന്ന ഇനവും, വെളുപ്പും പച്ചയും നിറങ്ങളിൽ ലോബോഫില്ലിയ റേഡിയൻസുമാണ്.

സമുദ്ര താപനില ഉയർന്നതിനെ തുടർന്ന് ലോബോഫില്ലിയ റേഡിയൻസ് ഇനത്തിൽപ്പെട്ട ഒരു കോറൽ 'ബ്ലീച്ചിങ്' സംഭവിക്കുകയും (പവിഴപ്പുറ്റുകൾക്ക് നിറം നഷ്ടപ്പെടുന്ന അവസ്ഥ) വെളുത്ത നിറത്തിലാവുകയും ചെയ്തു. എന്നാൽ തൊട്ടടുത്തുതന്നെ വളരുന്ന അതേ ഇനത്തിൽപ്പെട്ട മറ്റൊരു കോറൽ കൂട്ടം താപനിലയെ പ്രതിരോധിച്ച് പച്ചനിറത്തിൽ ആരോഗ്യത്തോടെ നിലനിൽക്കുന്നു. ഒരേ ആവാസവ്യവസ്ഥയിൽ വളരുന്ന ജീവികളിൽ കാണപ്പെടുന്ന ഈ പ്രതിരോധശേഷിയും ബലഹീനതയും ശാസ്ത്രലോകത്തിന് കാലാവസ്ഥാ പഠനത്തിൽ ഏറെ നിർണ്ണായകമാണ്.ഇന്ത്യയുടെ സമ്പന്നമായ സമുദ്ര ജൈവവൈവിധ്യത്തിന്റെ പ്രതീകമാണ് ഈ കാഴ്ചയെങ്കിലും, സമുദ്രത്തിന്റെ ആരോഗ്യത്തെക്കുറിച്ചുള്ള വലിയൊരു മുന്നറിയിപ്പ് കൂടിയാണ് ഈ ചിത്രമെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഉയർന്ന താപനില കാരണം ഒരേയിനത്തിൽ പെട്ട കോറലുകളിലൊന്ന് ബ്ലീച്ചിംഗിന് വിധേയമാകുകയും മറ്റൊന്ന് അതിനെ പ്രതിരോധിച്ച് ആരോഗ്യത്തോടെ നിനിൽക്കുകയും ചെയ്യുന്നത് ഭാവിയിലെ പവിഴപ്പുറ്റ് (കോറൽ റീഫ്) പുനരുജ്ജീവന ഗവേഷണങ്ങൾക്ക് വലിയ രീതിയിൽ പ്രയോജനപ്പെടും.

കാലാവസ്ഥാ ഭീഷിയെ ചെറുക്കാൻ കേന്ദ്ര സർക്കാറിന്റെ സഹകരണത്തോടെ സിഎംഎഫ്ആർഐ കടലിനടിയിൽ കൃത്രിമ പാരുകൾ (ആർട്ടിഫിഷ്യൽ റീഫ്) സ്ഥാപിക്കുന്ന പദ്ധതി വേഗത്തിലാക്കി വരികയാണ്. തകർച്ച നേരിട്ട ആവാസവ്യവസ്ഥ പുനരുജ്ജീവിപ്പിക്കാനും സമുദ്ര ജൈവവൈവിധ്യം വർദ്ധിപ്പിക്കാനും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കാനും ഇത് സഹായിക്കും. ഇതോടൊപ്പം വംശനാശ ഭീഷണി നേരിടുന്ന ജീവികളുടെ പ്രജനനം, വിത്തുൽപ്പാദനം, ഇവയെ കടലിൽ നിക്ഷേപിക്കൽ (സീറാഞ്ചിംഗ്) തുടങ്ങിയ പദ്ധതികളും പുരോഗമിക്കുകയാണ്. ഇന്ത്യയുടെ 80 ാം സ്വാതന്ത്ര്യദിനം ആഘോഷിക്കുന്ന വേളയിൽ, സമുദ്ര ആവാസവ്യവസ്ഥകളെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമപ്പെടുത്തുന്നതാണ് ഈ ചിത്രമെന്ന് ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

# റീസർജ് സെയ്ഫ് വിമൺ, സെയ്ഫ് കേരള ഫ്രീഡം അറ്റ് മിഡ്നൈറ്റ്' വനിതാ സംഗമം ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സ്ത്രീകൾക്ക് നിർഭയമായി ഏതു സമയത്തും പുറത്തിറങ്ങി നടക്കുവാനുള്ള അന്തരീക്ഷം സൃഷ്ടിച്ച് കേരളത്തെ രാജ്യത്തിന് തന്നെ മാതൃകയാക്കി മാറ്റുക പ്രധാന ലക്ഷ്യമെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വനിതാ ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ മുന്നോടിയായി സംഘടിപ്പിച്ച 'റീസർജ് സെയ്ഫ് വിമൺ, സെയ്ഫ് കേരള ഫ്രീഡം അറ്റ് മിഡ്നൈറ്റ്' രാത്രികാല വനിതാ സംഗമം പാളയം കണ്ണിമോറ മാർക്കറ്റിന് മുന്നിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. സ്വാതന്ത്ര്യ ദിനത്തിന്റെ തലേന്ന് തലസ്ഥാന നഗരിയിൽ സ്ത്രീകൾ ഒത്തുചേരുന്നത് സമൂഹത്തിന് വലിയൊരു സന്ദേശമാണ് നൽകുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. സമൂഹത്തിന്റെ മാറ്റത്തിനും സാമൂഹിക സാമ്പത്തിക വികസനത്തിനും കൃത്യമായ പങ്കുവഹിക്കാൻ തങ്ങൾക്കുണ്ടെന്ന വലിയ പ്രഖ്യാപനമാണ് ഈ ഒത്തുചേരൽ.

ഒരു പുതുയുഗ കേരളം കെട്ടിപ്പടുക്കാൻ സ്ത്രീകളുടെ സംഭാവന നിസ്തുലമാണ്. അതിനായി സർക്കാരിന എല്ലാവരുടെയും പിന്തുണയുണ്ടാകണം. കേരളത്തിലെ എല്ലാ സ്ത്രീകളെയും സ്വയം പര്യാപ്തരാക്കുക എന്നതും ആരെയും ആശ്രയിക്കാതെ സ്വയം തൊഴിൽ കണ്ടെത്തി വരുമാനം ഉണ്ടാക്കാൻ സാഹചര്യമൊരുക്കുക എന്നതുമാണ് പുതുയുഗ കേരളത്തിന്റെ സ്വപ്നമെന്നും, അതിന്റെ തുടക്കമായി ഈ സംഗമം മാറട്ടെയെന്നും മുഖ്യമന്ത്രികൂട്ടിച്ചേർത്തു.

ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്ന സമത്വവും അവകാശങ്ങളും യാഥാർത്ഥ്യമാക്കാനും അടുക്കളയിൽ നിന്ന് പൊതുയിടങ്ങളിലേക്ക് സ്ത്രീകളെ നയിക്കാനും നിരന്തരമായ പോരാട്ടങ്ങളാണ് നടന്നിട്ടുള്ളതെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച വനിതാ ശിശു വികസന വകുപ്പ് മന്ത്രി ബിന്ദു കൃഷ്ണ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. എല്ലാ അവകാശങ്ങളിലും മുൻപന്തിയിലുള്ള കേരളത്തിലും സ്ത്രീകൾക്ക് രാത്രികൾ പലപ്പോഴും അന്യമാണ്. രാത്രികളും സ്ത്രീകൾക്ക് കൂടിയുള്ളതാണെന്ന പ്രഖ്യാപനമാണ് ഈ പരിപാടിയെന്നും മന്ത്രി കൂട്ടിച്ചേർത്തു.

പാളയം കണ്ണിമോറ മാർക്കറ്റ് മുതൽ ആയുർവേദ കോളേജ് ജംഗ്ഷൻ വരെ ആഗസ്റ്റ് 14 രാത്രി 9.30 മുതൽ 15ന് പുലർച്ചെ ഒന്നു വരെയാണ് കൂട്ടായ്മ അരങ്ങേറിയത്. കൂട്ടായ്മയുടെ ഭാഗമായി തെരുവുനടത്തം, സാംസ്കാരിക പരിപാടികൾ, ലൈവ് ആർട്ട്, ബൈക്ക്സൈക്കിൾ റാലികൾ, സ്കേറ്റിംഗ്, കളരിപ്പയറ്റ്, വനിതാ പോലീസിന്റെ സ്വയരക്ഷാ പരിശീലനം, സൂംബ സെഷൻ തുടങ്ങിയവയും സംഘടിപ്പിച്ചു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രി കെ എ തുളസി, തിരുവനന്തപുരം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ ആശാ നാഥ്, കൗൺസിലർ ഷേർളി, വനിതാ ശിശു വികസന വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഷീബ ജോർജ്ജ്, ഡയറക്ടർ വി വിഘ്നേശ്വരി തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.



സൊസൈറ്റി ടുഡേ
SOCIETY TODAY

# ഓണത്തിന് പ്രത്യേക പ്രചരണവുമായി പെപെ ജീൻസ്

**കൊച്ചി:** ഓണാഘോഷങ്ങൾക്ക് കൂടുതൽ ഭംഗി പകരാൻ പ്രത്യേക ഓണം ക്യാമ്പയിൻ അവതരിപ്പിച്ച് പെപെ ജീൻസ് ലണ്ടൻ. കേരളത്തിന്റെ സാംസ്കാരിക തനിമയും ഓണാഘോഷത്തിന്റെ ആവേശവും സമകാലിക ഡെനിം ഫാഷൻ ശൈലിയിൽ അവതരിപ്പിക്കുകയാണ് പ്രചാരണത്തിലൂടെ പെപെ ജീൻസ്. ഈ ഉത്സവസീസണിൽ ഉപഭോക്താക്കൾക്ക് ബ്രാൻഡിനെ കൂടുതൽ പരിചയപ്പെടാനും സംസ്ഥാനത്തുടനീളമുള്ള പെപെ ജീൻസ് സ്റ്റോറുകളിൽ എത്തി ഷോപ്പിംഗ് കൂടുതൽ ആസ്വാദ്യകരമാക്കാനും ലക്ഷ്യമിട്ടാണ് പുതിയ പ്രചാരണം.

ഔട്ട്ഡോർ പരസ്യങ്ങൾ, ഉപഭോക്താക്കളെ ലക്ഷ്യമിട്ടുള്ള ആശയവിനിമയം, പ്രാദേശിക ഇൻഫ്ലുവൻസർമാരുമായുള്ള സഹകരണം എന്നിവയിലൂടെ ബ്രാൻഡിന്റെ ദൃശ്യസാന്നിധ്യം വർദ്ധിപ്പിക്കാനും, സ്റ്റോറുകളിലെത്തി പെപെ ജീൻസിന്റെ ഏറ്റവും പുതിയ സ്റ്റൈലുകൾ കണ്ടെത്താൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കാനും ഈ പ്രചാരണം ലക്ഷ്യമിടുന്നു.

പരിചിതമായ പ്രാദേശിക പശ്ചാത്തലങ്ങളും സാംസ്കാരിക ഘടകങ്ങളും ആധുനിക ഡെനിം വസ്ത്രധാരണരീതികളും ഒത്തുചേരുന്നതിലൂടെ കേരളത്തിന്റെ ഊർജ്ജസ്വലതയും സവിശേഷതയും ദൃശ്യാവിഷ്കാരത്തിൽ പ്രതിഫലിക്കുന്നു.

ഔട്ട്ഡോർ പ്രചാരണത്തിന് പുറമെ, വാട്സ്ആപ്പ്, എസ്എംഎസ് എന്നിവയിലൂടെ കേരളത്തിലെ പെപെ ജീൻസ് ഉപഭോക്താക്കളിലേക്ക് നേരിട്ടെത്തുന്ന ഒരു പ്രത്യേക സിആർഎം പദ്ധതിയും ഇതിന്റെ ഭാഗമായി നടപ്പിലാക്കും.

നിലവിലുള്ള ഉപഭോക്താക്കളെ ഉത്സവകാല ഓഫറുകളെക്കുറിച്ച് അറിയിക്കാനും അവരുമായുള്ള ബന്ധം ശക്തിപ്പെടുത്താനും സ്റ്റോറുകൾ സന്ദർശിക്കാൻ പ്രേരിപ്പിക്കാനും നേരിട്ടുള്ളതും വ്യക്തിഗതവുമായ ആശയവിനിമയ രീതികൾ ഈ പ്രചാരണം ഉപയോഗപ്പെടുത്തും.

പെപെ ജീൻസിന്റെ തനതായ ശൈലി നിലനിർത്തിക്കൊണ്ടുതന്നെ ഓണാഘോഷങ്ങളുടെ ചൈതന്യം കൂടി ഉൾക്കൊള്ളുന്ന ഒരു പ്രചാരണമാണ് തങ്ങൾ ലക്ഷ്യമിടുന്നതെന്ന് പെപെ ജീൻസ് ലണ്ടൻ (ഇന്ത്യ) സിഇഒ രാകേഷ് ജല്ലിപ്പള്ളി പറഞ്ഞു

# കൂടുതൽ സേവനങ്ങളുമായി എ.യു സ്മോൾ ഫിനാൻസ് ബാങ്ക്

**കൊച്ചി:** ഈ ഓണക്കാലത്ത് പ്രവാസികൾക്കായി എ.യു സ്മോൾ ഫിനാൻസ് ബാങ്ക് 'ഗ്ലോബൽ ഡ്രീംസ്, ഇന്ത്യൻ അറ്റ് ഹാർട്ട്' കാമ്പയിന്റെ ഭാഗമായി പുതിയ സാമ്പത്തിക സേവനങ്ങൾ പ്രഖ്യാപിച്ചു. ഓണാഘോഷങ്ങൾക്കായി നാട്ടിലെത്തുന്ന പ്രവാസികൾക്ക് തങ്ങളുടെ സാമ്പത്തിക കാര്യങ്ങൾ കൂടുതൽ മികച്ച രീതിയിൽ കൈകാര്യം ചെയ്യാൻ ലക്ഷ്യമിട്ടുള്ളതാണീ കാമ്പയിൻ.

പ്രവാസി ഇന്ത്യക്കാർക്ക് പണമയക്കുമ്പോൾ ഫോറെക്സ് മാർജിനും ബാങ്ക് ചാർജുകളും ബാങ്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ ബാങ്ക് അടുത്തിടെ എഫ്.സി.എൻ.ആർ (ബി) നിക്ഷേപങ്ങളുടെ പലിശ നിരക്ക് മൂന്ന് മുതൽ നാല് വർഷത്തെ കാലയളവിലേക്ക് പ്രതിവർഷം 7.40% ആയും ഉയർത്തിയിരുന്നു. മികച്ച വരുമാനം നേടാൻ പ്രവാസികളെ ഇത് സഹായിക്കും.

എൻ.ആർ.ഇ, എൻ.ആർ.ഒ, സേവിംഗ്സ്, കറന്റ് അക്കൗണ്ടുകൾ, ഡെബിറ്റ്, ക്രെഡിറ്റ് കാർഡുകൾ, സ്ഥിര നിക്ഷേപങ്ങൾ, ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ, സീറോകോസ്റ്റ് റെമിറ്റൻസ്, ഭവന വായ്പകൾ, വാഹന വായ്പകൾ, നിക്ഷേപങ്ങൾക്ക് മേലുള്ള ഓവർഡ്രാഫ്റ്റ് സൗകര്യം, വെൽത്ത് മാനേജ്മെന്റ് സൊല്യൂഷനുകൾ, ഇൻഷുറൻസ് ഉൽപ്പന്നങ്ങൾ തുടങ്ങി നിരവധി സേവനങ്ങളും എയു സ്മോൾ ഫിനാൻസ് ബാങ്കിൽ നിന്നും ലഭിക്കും.

ഇന്ത്യയിലെ 21 സംസ്ഥാനങ്ങളിലും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 2,920 ബാങ്കിംഗ് ടച്ച് പോയിന്റുകൾ ഉള്ള ബാങ്കിന് 58,400ലധികം ജീവനക്കാരുണ്ട്. നിലവിൽ 1.2 കോടിയിലധികം ഉപഭോക്താക്കൾക്കാണ് ബാങ്ക് സേവനം നൽകുന്നത്.

## ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയ മോട്ടോർസൈക്കിൾ ട്രെയിനിംഗ് അരീനയായി ലഡാക്കിലെ സിയറ്റ് എൻഡ്യൂറോ പാർക്ക്

**കൊച്ചി:** ലഡാക്കിലെ ലേയിൽ സ്ഥിതി ചെയ്യുന്ന സിയറ്റ് ലഡാക്ക് എൻഡ്യൂറോ പാർക്കിനെ ഏഷ്യയിലെ ഏറ്റവും ഉയരം കൂടിയ മോട്ടോർസൈക്കിൾ ട്രെയിനിംഗ് അരീനയായി ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സും ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സും അംഗീകരിച്ചു. പാർക്കിൽ വെച്ച് നടന്ന പ്രത്യേക അനുമോദന ചടങ്ങിലാണ് ഈ അംഗീകാരം ഔദ്യോഗികമായി പ്രഖ്യാപിച്ചത്. സിയറ്റ് നേതൃത്വവും, അഡ്വഞ്ചർ റൈഡർമാരും, ലഡാക്കിലെ മോട്ടോർസൈക്കിൾ കമ്മ്യൂണിറ്റി അംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു. സമുദ്രനിരപ്പിൽ നിന്നും ഏകദേശം 3,500 മീറ്റർ ഉയരത്തിലാണ് ഈ പരിശീലന കേന്ദ്രം സ്ഥിതി ചെയ്യുന്നത്.

2024 ഓഗസ്റ്റ് 7ന് പ്രവർത്തനം ആരംഭിച്ച ഈ ഓഫ് റോഡ് പരിശീലന കേന്ദ്രത്തിൽ ഇതിനോടകം 2,500ലധികം റൈഡർമാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ലഡാക്കിലെ ദുർഘടമായ ഭൂപ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ പ്രൊഫഷണലായി രൂപകല്പന ചെയ്ത ട്രാക്കുകളും ഓഫ് റോഡ് സംവിധാനങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത്. നാവിഗേഷൻ, ബോഡി പൊസിഷനിംഗ്, മോട്ടോർസൈക്കിൾ നിയന്ത്രണം, തടസ്സങ്ങൾ മറികടക്കൽ തുടങ്ങിയ കാര്യങ്ങളിൽ മൂന്ന് ഘട്ടങ്ങളിലായാണ് ഇവിടെ പരിശീലനം നൽകുന്നത്.




വിനോദത്തിനും അഡ്വാൻസ്ഡ് റൈഡർ പരിശീലനത്തിനും പുറമെ, ലഡാക്കിലെ പ്രാദേശിക സമൂഹത്തെ ശാക്തീകരിക്കാനും സിയറ്റ് ഈ സൗകര്യം ഉപയോഗപ്പെടുത്തുന്നുണ്ട്. ലഡാക്ക് ബൈക്ക് റെന്റൽ കോഓപ്പറേറ്റീവ് അസോസിയേഷനുമായി സഹകരിച്ച് പ്രത്യേക മാർഷൽ ട്രെയിനിംഗ് പ്രോഗ്രാമും കമ്പനി നടത്തുന്നു.

ഈ പ്രോഗ്രാമിലൂടെ ഫസ്റ്റ് എയ്ഡ്, സിപിആർ, അടിയന്തര സാഹചര്യങ്ങളിലെ പ്രതികരണം, സിഗ്നലുകൾ തുടങ്ങിയവയിൽ കൃത്യമായ പരിശീലനം നൽകുന്നു. പ്രാദേശികരായ യുവ റൈഡർമാർക്ക് പരിചയസമ്പന്നരായ പ്രൊഫഷണലുകളിൽ നിന്ന് കാര്യങ്ങൾ പഠിക്കാനും അതുവഴി മികച്ച തൊഴിലവസരങ്ങൾ കണ്ടെത്താനും ഇത് സഹായിക്കുന്നു.

ഇന്ത്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെയും ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിന്റെയും അംഗീകാരം തങ്ങളെ സംബന്ധിച്ചിടത്തോളം ഒരു സുപ്രധാന നാഴികക്കല്ലാണെന്ന് സിയറ്റ് ലിമിറ്റഡിന്റെ ചീഫ് മാർക്കറ്റിംഗ് ഓഫീസർ ലക്ഷ്മി നാരായണൻ ബി പറഞ്ഞു. വെറുമൊരു ഓഫ്റോഡ് ട്രാക്ക് നിർമ്മിക്കുക എന്നതിലുപരി, റൈഡർമാർക്ക് പഠിക്കാനും നൈപുണ്യം മെച്ചപ്പെടുത്താനുമുള്ള വിശ്വസനീയമായ ഒരു പ്ലാറ്റ്ഫോം സൃഷ്ടിക്കുക എന്നതായിരുന്നു ഈ പാർക്കിലൂടെ ലക്ഷ്യമിട്ടിരുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## എസ്ആർഎം യൂണിവേഴ്സിറ്റി സിക്കിമിൽ ഓൺലൈൻ ബിരുദ, ബിരുദാനന്തര കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എസ്ആർഎം യൂണിവേഴ്സിറ്റി സിക്കിമിൽ 2026 അധ്യയന വർഷത്തെ ഓൺലൈൻ ബിരുദ, ബിരുദാനന്തര കോഴ്സുകളിലേക്കുള്ള പ്രവേശനം ആരംഭിച്ചു. ബാച്ചിലർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (ബിബിഎ), ബാച്ചിലർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (ബിസിഎ), മാസ്റ്റർ ഓഫ് ബിസിനസ് അഡ്മിനിസ്ട്രേഷൻ (എംബിഎ), മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എംസിഎ) എന്നീ കോഴ്സുകളിലേക്കാണ് ഇപ്പോൾ അപേക്ഷ ക്ഷണിച്ചിരിക്കുന്നത്.

യുജിസിഡിഇബി അംഗീകാരവും നാക് എ+ അക്രഡിറ്റേഷനും ഉള്ള ഈ ഓൺലൈൻ ഡിഗ്രികൾ പരമ്പരാഗത ക്യാമ്പസ് അധിഷ്ഠിത ഡിഗ്രികൾക്ക് പൂർണമായും തുല്യമാണ്. ജോലി ചെയ്യുന്ന പ്രൊഫഷണലുകൾക്കും വിദ്യാർഥികൾക്കും ഫ്ലെക്സിബിൾ ആയി പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ രൂപകൽപ്പന ചെയ്തിട്ടുള്ളത്. എഐ, മെഷീൻ ലേണിംഗ്, ഡാറ്റ സയൻസ്, സൈബർ സെക്യൂരിറ്റി, ബിസിനസ് അനലിറ്റിക്സ് തുടങ്ങിയ ഉയർന്ന ഡിമാൻഡുള്ള മേഖലകളിൽ സ്പഷ്യലൈസേഷനുകളും ഇതിൽ ലഭ്യമാണ്.

എംബിഎയ്ക്ക് 1.10 ലക്ഷം രൂപയും, എംസിഎയ്ക്ക് 1 ലക്ഷം രൂപയും, ബിബിഎ, ബിസിഎ കോഴ്സുകൾക്ക് 1.17 ലക്ഷം രൂപ വീതവുമാണ് കോഴ്സ് ഫീസ്. അർഹരായ വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ലഭ്യമാണ്.

താൽപര്യമുള്ളവർ ഈ ലിങ്കുകൾ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. എംബിഎ: വഴ്യേ://യശ.ഹ്യ/4ുതകളൗഢ8 എംസിഎ: വഴ്യേ://യശ.ഹ്യ/4ളഅഒ2ഴഃ ബിബിഎ: വഴ്യേ://യശ.ഹ്യ/4ഃീO56ഖ ബിസിഎ: വഴ്യേ://യശ.ഹ്യ/4ളഢ7കഒച

## പൊൻ ഓണം' ഓഫർ പ്രഖ്യാപിച്ച് എം.ജി മോട്ടോർ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമാതാക്കളായ ജെഎസ്ഡബ്ല്യു എംജി മോട്ടോഴ്സ് ഓണം സ്പെഷ്യൽ ഫെസ്റ്റീവ് ക്യാംപയിൻ എംജി പൊന്നോണം ആരംഭിച്ചു.

എംജിയുടെ തിരഞ്ഞെടുത്ത വാഹനങ്ങളുടെ ഓണം പർച്ചേസുകൾക്ക് നൽകുന്ന ക്യാഷ് ഓഫറുകൾക്ക് പുറമെ, ഇലക്ട്രിക് വാഹനങ്ങൾക്ക് സൗജന്യ ചാർജിങ് ബെനഫിറ്റുകളും ഉപയോക്താക്കൾക്ക് സ്വർണ നാണയവും ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളാണ് എം.ജി പ്രഖ്യാപിച്ചിരിക്കുന്നത്.

ഇന്ത്യയിൽ ഏറ്റവുമധികം വിറ്റഴിക്കപ്പെടുന്ന ഇ.വിയായ എം.ജി വിൻഡ്സർ കിലോമീറ്ററിന് 3.99 രൂപ നിരക്കിൽ ബാസ് പ്ലാനിനൊപ്പം 9.99 ലക്ഷം എന്ന പ്രാരംഭവിലയിൽ സ്വന്തമാക്കാം. ഓഫർ കാലയളവിൽ 1000 യൂണിറ്റ് സൗജന്യചാർജിംഗ് ആനുകൂല്യങ്ങൾക്കൊപ്പം ഉപഭോക്താക്കൾക്ക് സ്വർണനാണയവും ലഭിക്കും.

45,000 രൂപ വരെ ആനുകൂല്യങ്ങളും സ്വർണനാണയം ഓണസമ്മാനവുമായി നൽകുന്ന എംജി കോമറ്റ് ഇ.വിക്ക് 4.99 ലക്ഷം രൂപ വിലയും കിലോമീറ്ററിന് 3.20 വാടകയുമാണ് ഈടാക്കുന്നത്.

എം.ജി ഇസഡ്.എസിന് ഇവിക്കൊപ്പം 2000 യൂണിറ്റ് സൗജന്യ ചാർജിങ്ങും 2.15 ലക്ഷം രൂപ വരെയുള്ള അധിക ആനുകൂല്യങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കും. 11.99 ലക്ഷം രൂപയിൽ ആരംഭിക്കുന്ന എം.ജി ഹെക്ടറിനൊപ്പം സ്വർണനാണയവും 60000 രൂപവരെയുള്ള ആനുകൂല്യങ്ങളും ലഭ്യമാണ്. ആസ്റ്ററിന് 2.20 ലക്ഷം രൂപ വരെയുള്ള ആകർഷങ്ങളായ ആനൂകൂല്യങ്ങളാണ് എം.ജി പ്രഖ്യാപിച്ചിരിക്കുന്നത്. ഇന്ത്യയിലെ ആദ്യത്തെ ഡി പ്ലസ് സെഗ്മെന്റ് എസ്.യു.വിയായ എം.ജി മജസ്റ്റർ 42.49 ലക്ഷം രൂപ മുതൽ സ്വന്തമാക്കാനാകും.

എംജിയുടെ സുപ്രധാന മാർക്കറ്റുകളിൽ ഒന്നാണ് കേരളം. കേരളത്തിലെ ജനങ്ങളുടെ ആഘോഷത്തിൽ പങ്കാളികളാകുന്നതിനാണ് എംജി പൊന്നോണം പദ്ധതി പ്രഖ്യാപിച്ചിരിക്കുന്നത്. ഈ ഉത്സവകാലം ഉപഭോക്താക്കൾക്ക് കൂടുതൽ സന്തോഷകരമാക്കാനും അത്യാധുനിക സാങ്കേതികവിദ്യ നിറഞ്ഞ പ്രീമിയം ഉടമസ്ഥതാ അനുഭവം ലഭ്യമാക്കാനും ഓഫറിലൂടെ സാധിക്കുമെന്ന് എം.ജി മോട്ടോർ ഇന്ത്യ സെയിൽസ് ഡയറക്ടർ ലക്ഷ്മി സുബ്ബ രാജ് പറഞ്ഞു.